അനുഭവം

ശൈഖ് മുഹമ്മദ് കാരകുന്ന്

# ഇങ്ങനെയും ചില മനുഷ്യർ

**വിശ്വാസത്തിന്റെ കരുത്തുകൊണ്ട് ധനതൃഷ്ണയെ തോൽപിച്ച പ്രവാചക ശിഷ്യന്മാരുടെ ജീവിതത്തിലെ മഹിത മാതൃകകൾ ചരിത്രത്തിലെമ്പാടുമുണ്ട് ധനപൂജയുടെ വർത്തമാന ലോകത്തു അത്തരം മാതൃകകളുമായി ജീവിക്കുന്ന കുറേ മനുഷ്യരുണ്ട്. കണ്ണൂരിലെ പി. ഹാറൂനും അബ്ദുർറസ്സാഖും ഉദാഹരണം.**


പി. ഹാറൂൻ കണ്ണൂർ

**ഇക്കൊല്ലം** ഈദുൽ ഫിത്വ്‌റിന് ഒമാനിലായിരുന്നു. മസ്‌കത്തിലെ ഗാല മൈതാനിയിൽ സംഘടിപ്പിച്ച ഈദ്ഗാഹിൽ പങ്കെടുക്കാനാണ് ഒമാനിലെത്തിയത്. ഇത് നാലാമത്തെ ഒമാൻ സന്ദർശനമാണ്. കഴിഞ്ഞ തവണയും ഈദ്ഗാഹിൽ പങ്കെടുക്കാൻ തന്നെയായിരുന്നു യാത്ര. അഞ്ചു വർഷം മുമ്പായിരുന്നു അത്. മസ്‌കത്തിലിപ്പോൾ അന്നത്തേതിന്റെ ഇരട്ടിയോളം പ്രസ്ഥാന പ്രവർത്തകരുണ്ട്. അന്ന് അവസാന ദിവസത്തെ പരിപാടിയിൽ പങ്കെടുക്കാൻ കഴിയാതെ തിരിച്ചുപോരേണ്ടിവന്ന സങ്കടത്തിന് ശമനമുണ്ടായത് ഈ പ്രാവശ്യത്തെ സന്ദർശനത്തോടെയാണ്.

മസ്‌കത്തിൽ പോകുമ്പോഴെല്ലാം അവിടെനിന്ന് ആയിരത്തിലേറെ കിലോമീറ്റർ ദൂരെയുള്ള സലാലയിലും പോവാറുണ്ട്. അവിടത്തെ ഭൂപ്രകൃതിയും കാലാവസ്ഥയും കേരളത്തിലേതു പോലെയാണ്. ഇപ്പോൾ കേരളത്തിലേതിനേക്കാൾ കൂടുതൽ വാഴയും കപ്പയും കമുങ്ങുമൊക്കെ കൃഷി ചെയ്യപ്പെടുന്നു. ഗൾഫ് നാടുകളിലെ ഇതര പ്രദേശങ്ങളെ അപേക്ഷിച്ച് ജീവിതച്ചെലവും കുറ

വാണ്.

ചേരമാൻ പെരുമാളുടേതെന്ന് കരുതപ്പെടുന്ന ഒരു ഖബ്ർ സലാലയിലുണ്ട്. ഇതിന് യാഥാർഥ്യവുമായി എത്രത്തോളം ബന്ധമുണ്ടെന്ന് തീർത്തു പറയാനാവില്ല. എങ്കിലും നാലായിരം കൊല്ലങ്ങൾക്കപ്പുറം ഇന്ത്യ, ചൈന പോലുള്ള കിഴക്കൻ പ്രദേശങ്ങൾക്കും യൂറോപ്പിനുമിടയിൽ സഞ്ചരിച്ചിരുന്ന കച്ചവടക്കപ്പൽ മസ്കത്തിലെ തുറമുഖത്ത് വന്നുപോയിക്കൊണ്ടിരുന്നുവെന്ന് അവിടത്തെ മ്യൂസിയത്തിലെ രേഖകൾ വ്യക്തമാക്കുന്നു.

ഇത്തവണ സലാല സന്ദർശനം അത്യന്തം ആഹ്ലാദകരവും അവിസ്മരണീയവുമാക്കിയത് അടുത്ത സുഹൃത്തിന്റെ സാമ്പത്തിക രംഗത്തെ അത്യസാധാരണമായ സമീപനത്തെ സംബന്ധിച്ച അറിവാണ്. കണ്ണൂർ ജില്ലയിലെ ഉളിയിൽ സ്വദേശി അബ്ദുർറസാഖ് വളരെ സാധാരണക്കാരനാണ്. എന്നാൽ അദ്ദേഹത്തെ കുറിച്ച് പറയുമ്പോഴൊക്കെയും കൂട്ടുകാർക്കെല്ലാം ആയിരം നാക്കാണ്. സലാലയിൽ തൊഴിലാളിയായി എത്തിയ അദ്ദേഹം ക്രമേണ കച്ചവടരംഗത്തേക്ക് കടന്നു. കണ്ണൂരിലെ ഹാറൂൻ സാഹിബായിരുന്നു പങ്കാളി.

നാലു വർഷം മുമ്പ് ഹാറൂൻ സാഹിബ് നാട്ടിലായിരിക്കെ വീടിന്റെ ടെറസ്സിൽനിന്ന് വീണ് നട്ടെല്ലിന് ക്ഷതം പറ്റി. അതോടെ പൂർണമായും കിടപ്പിലായി. പ്രാഥമികാവശ്യങ്ങൾക്ക് പോലും പരസഹായം അനിവാര്യമായി.

ഹാറൂൻ നാട്ടിലേക്ക് പോരുമ്പോൾ മൂന്നോ നാലോ വ്യാപാര സ്ഥാപനങ്ങളേ ഉണ്ടായിരുന്നുള്ളൂ. പിന്നീട് അബ്ദുർറസ്സാഖ് തന്റെ കച്ചവടരംഗം വളരെയേറെ വികസിപ്പിച്ചു. ഇപ്പോൾ ഇരുപതോളം സ്ഥാപനങ്ങളുണ്ട്. അദ്ദേഹം അവയിലെല്ലാം തനിക്കുള്ളതുപോലെ ഒരു പങ്ക് ഹാറൂൻ സാഹിബിനും നൽകി. ഇതൊക്കെയും ഹാറൂൻ സാഹിബ് ആവശ്യപ്പെടാതെയും അദ്ദേഹത്തോട് പറയാതെയുമായിരുന്നു. ഇപ്പോൾ എല്ലാ സ്ഥാപനങ്ങളിലെയും ലാഭത്തിന്റെ അമ്പതു ശതമാനം ഹാറൂൻ സാഹിബിന് അയച്ചുകൊടുക്കുന്നു. ഹാറൂൻ സാഹിബ് അതിൽ തന്റെ അത്യാവശ്യത്തിനുള്ളത് മാത്രമെടുത്ത് ബാക്കിയൊക്കെയും തന്നെപ്പോലെ അവശരായ ദരിദ്ര രോഗികൾക്ക് എല്ലാ മാസവും അയച്ചുകൊടുക്കുന്നു.

അബ്ദുർറസ്സാഖ് തന്റെ കച്ചവട സ്ഥാപനങ്ങളിലെ ലാഭത്തിന്റെ മുപ്പത് ശതമാനം മാനേജ്മെന്റിനും തൊഴിലാളികൾക്കും ഭാഗിച്ചുകൊടുക്കുകയാണ്. പുതിയ സംരംഭങ്ങളിൽ സ്ഥാപന നടത്തിപ്പുകാരെ പങ്കാളികളാക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ സ്ഥാപനത്തിലെ നിരവധി തൊഴിലാളികളുമായി സംസാരിക്കാനവസരം ലഭിച്ചു. ഏതെങ്കിലും സ്വകാര്യ സ്ഥാപന ഉടമയോട് ഇത്രയേറെ സ്നേഹവും ആദരവും കടപ്പാടും പുലർത്തുന്ന തൊഴിലാളികളെ മറ്റു സ്ഥാപനങ്ങളിൽ അത്യപൂർവമായേ കാണുകയുള്ളൂ. അതുതന്നെയായിരിക്കാം അദ്ദേഹത്തിന്റെ വ്യാപാര വിജയത്തിന്റെ രഹസ്യവും.

ഇരുപതോളം സ്ഥാപനങ്ങളുടെ ഉടമയായിട്ടും അബ്ദുർറസ്സാഖ് ലളിതമായ ജീവിതമാണ് നയിക്കുന്നത്. അദ്ദേഹവുമായി സംസാരിച്ചപ്പോൾ സമ്പത്തിനെ സംബന്ധിച്ച ആരോഗ്യകരമായ കാഴ്ചപ്പാട് ഉൾക്കൊണ്ടതായി ബോധ്യമായി. അനുവദനീയമായ മാർഗത്തിൽ ധാരാളം പണമുണ്ടാക്കുക; സമൂഹത്തിനു വേണ്ടി അല്ലാഹുവിന്റെ മാർഗത്തിൽ ധാരാളം ചെലവഴിക്കുക!

മനുഷ്യന്റെ ഭൗതികാവശ്യങ്ങളുടെ പരിമിതിയെക്കുറിച്ചറിയുന്നവൻ ഒരിക്കലും ധനത്തിന്റെ അടിമയാവുകയില്ല. അതിന്റെ ഉടമയായിരിക്കും. ധനം അയാളെ ഭരിക്കില്ല. അയാൾ ധനത്തെയായിരിക്കും ഭരിക്കുക. നമ്മുടെ വശം എത്ര കോടി

രൂപയുണ്ടെങ്കിലും ഒരു ദിവസം പത്തു നേരം ബിരിയാണി കഴിക്കാൻ കഴിയില്ലല്ലോ. ഒരു വയറല്ലേ നിറക്കാനാവൂ. എത്ര ലക്ഷങ്ങളുണ്ടെങ്കിലും ഒരു ശരീരം മറയുന്ന വസ്ത്രമേ ധരിക്കാൻ സാധിക്കൂ. ഒരു കസേരയിലേ ഇരിക്കാൻ കഴിയൂ. ഒരു കട്ടിലിലേ ഉറങ്ങാൻ കഴിയൂ. വീടിന് നൂറ്റൊന്ന് മുറിയുണ്ടെങ്കിലും ഒരു രാത്രി ഒരു മുറിയിലേ ഉറങ്ങാൻ സാധിക്കൂ.

സുഹൃത്തുക്കൾ അബ്ദുർറസ്സാഖിന്റെ ഇത്തരം സമീപനങ്ങൾ വിശദീകരിച്ചു കൊണ്ടിരുന്നപ്പോൾ മനസ്സിൽ തെളിഞ്ഞുവന്നത് വിശ്വാസത്തിന്റെ കരുത്തുകൊണ്ട് ധനതൃഷ്ണയെ തോൽപിച്ച പ്രവാചക ശിഷ്യന്മാരുടെ ജീവിതത്തിലെ മഹിത മാതൃകകളാണ്. മക്കയിൽനിന്ന് നാടും വീടും ഉപേക്ഷിച്ച് മദീനയിലെത്തിയ മുഹാജിറുകൾക്ക് അവിടത്തെ അൻസ്വാറുകൾ തങ്ങളുടെ സമ്പത്തിന്റെ പാതിയും പങ്കുവെച്ചു. അബൂത്വൽഹ തനിക്കേറ്റം പ്രിയപ്പെട്ട ബൈറുഹാ തോട്ടം ദൈവമാർഗത്തിൽ സമർപ്പിച്ചുകൊണ്ട് പറഞ്ഞു: “എനിക്ക് ഏറ്റം ഇഷ്ടമുള്ളത് ബൈറുഹാ തോട്ടമാണ്. ഞാനത് അല്ലാഹുവിന്റെ മാർഗത്തിൽ ദാനം ചെയ്യുന്നു. അതിന്റെ പുണ്യവും പ്രതിഫലവും അല്ലാഹുവിങ്കൽ പ്രതീക്ഷിക്കുകയും ചെയ്യുന്നു. അല്ലാഹുവിന് ഇഷ്ടപ്പെട്ട മാർഗത്തിൽ അങ്ങ് അത് വിനിയോഗിച്ചാലും.”

“താങ്കളുടെ പ്രവൃത്തി വളരെ നന്നായിരിക്കുന്നു. അത് ലാഭകരമായ കച്ചവടം തന്നെ” പ്രവാചകൻ പ്രതിവചിച്ചു.

തന്റെ സമ്പത്തൊക്കെയും സമൂഹത്തിനായി സമർപ്പിച്ച അബൂബക്ർ സിദ്ദീഖ്, പാതിയിലേറെയും പ്രവാചക സന്നിധിയിൽ സമർപ്പിച്ച ഉമറുൽ ഫാറൂഖ്, വരുമാനത്തിന്റെ വലിയൊരു ഭാഗം ദാനം ചെയ്ത ഉസ്മാനുബ്നു അഫ്ഫാൻ... അങ്ങനെ പണക്കൊതിയെ പരാജയപ്പെടുത്തിയ എത്രയെത്ര മഹദ് വ്യക്തിത്വങ്ങൾ!

അബ്ദുർറസ്സാഖിന് പറയത്തക്ക മത-ഭൗതിക വിദ്യാഭ്യാസമൊന്നുമില്ല. അല്ലെങ്കിലും സാമ്പത്തിക വിശുദ്ധിയിൽ വിസ്മയം സൃഷ്ടിച്ച് വിഖ്യാതരായവരിൽ പലരും വലിയ വിദ്യാസമ്പന്നരല്ലല്ലോ. യജമാനനെ അറിയിക്കാതെ ആടിനെ വിൽക്കാൻ വിസമ്മതിച്ച ഉമറുൽ ഫാറൂഖിന്റെ കാലത്തെ ഇടയബാലൻ; പാലിൽ വെള്ളം ചേർക്കാൻ കൂട്ടാക്കാതിരുന്ന അനാഥ പെൺകുട്ടി; പ്രശസ്ത സാഹിത്യകാരൻ സി. രാധാകൃഷ്ണൻ വിദ്യാർഥിയായിരിക്കെ ചമ്രവട്ടത്തുനിന്ന് പൊന്നാനിയിലേക്കുള്ള തോണിയിൽ എന്നും കണ്ടുമുട്ടിയിരുന്ന തിരൂരിലെ സത്യസന്ധനായ വെറ്റിലക്കച്ചവടക്കാരൻ; എല്ലാവരും ഔപചാരിക വിദ്യാഭ്യാസമൊട്ടും കിട്ടാത്ത വളരെ സാധാരണക്കാരായിരുന്നല്ലോ. ■